**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2232** **01-09-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതിയിലെ അപേക്ഷകളുടെ ന്യൂനത പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് പദ്ധതിയിലേക്കുള്ള അപേക്ഷകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും അപ്പീൽ പരിശോധിക്കുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ? | (എ) | 27.07.2020-ലെ സ.ഉ (കൈ) 112/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സ്വീകരിച്ച അപേക്ഷകളിന്മേൽ ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള അപ്പീൽ കമ്മിറ്റികൾ അപേക്ഷകളുടെ ന്യൂനതകൾ പരിശോധിക്കുകയും അപ്പീലുകൾ സ്വീകരിച്ച് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കൺവീനറായി ബ്ലോക്ക് തലത്തിൽ ഒന്നാംഘട്ട അപ്പീൽ കമ്മിറ്റിയും ജില്ലാ കളക്ടർ ചെയർപേഴ്സണായി ജില്ലാതലത്തിൽ രണ്ടാംഘട്ട അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചാണ് അപ്പീലുകളുടെ സ്വീകരിക്കലും തീർപ്പാക്കലും നിർവ്വഹിച്ചിട്ടുള്ളത്. കൂടാതെ അപ്പീൽ സമർപ്പിക്കുന്നതിനുള്ള സൗകര്യാർത്ഥം എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ കളക്ടറേറ്റുകളിലും ഹെൽപ് ഡെസ്ക് സംവിധാനങ്ങൾ ക്രമീകരിച്ച് അപ്പീൽ സമർപ്പണം സുഗമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. 09.06.2022-ലെ സ.ഉ(സാധാ) നം.1423/2022/ത.സ്വ.ഭ.വ, 25.07.2022-ലെ സ.ഉ (സാധാ) നം. 1789/2022/ ത.സ്വ.ഭ.വ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷകൾ/ അപ്പീലുകളിലെ ന്യൂനതകൾ പരിഹരിച്ച് പട്ടിക അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ